## കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ

## വിജ്ഞാപനം*

നമ്പർ 1734/അഡ്മിൻ./കെഎസ്ഇആർസി/2013

തീയതി, തിരുവനന്തപുരം 2020 ജൂൺ 18

# 2020-ലെ കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ (ഉപഭോക്തൃ പരാതി പരിഹാര ഫോറവും ഇലക്ട്രിസിറ്റി ഓംബുഡ്സ്മാനും) ഭേദഗതി റഗുലേഷനുകൾ

2003-ലെ ഇലക്ട്രിസിറ്റി ആക്റ്റ് (2003-ലെ 36-ാം കേന്ദ്ര ആക്റ്റ്) 181-ാം വകുപ്പ് (1)-ാം ഉപവകുപ്പും (2)-ാം ഉപവകുപ്പിലെ (ആർ),(എസ്),(ഇസഡ്പി) എന്നീ ഖണ്ഡങ്ങളും പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചും, 2019 ഫെബ്രുവരി 19-ാം തീയതി പ്രസിദ്ധീകരിച്ച കരട് നിർദ്ദേശങ്ങളിന്മേൽ ലഭിച്ച ആക്ഷേപങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ചതിനുശേഷവും, 2005 ഒക്ടോബർ 6-ാം തീയതിയിലെ നമ്പർ 1/1/കെഇആർസി-2004/III വിജ്ഞാപന പ്രകാരം പുറപ്പെടുവിച്ച് 2005 ഒക്ടോബർ 14-ാം തീയതിയിലെ 2230-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ 2005-ലെ കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ (ഉപഭോക്തൃ പരാതി പരിഹാര ഫോറവും ഇലക്ട്രിസിറ്റി ഓംബുഡ്സ്മാനും) റഗുലേഷനുകൾ വീണ്ടും ഭേദഗതി ചെയ്യുന്നതിന് കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ ഇതിനാൽ താഴെപ്പറയുന്ന റഗുലേഷനുകൾ ഉണ്ടാക്കുന്നു, അതായത്:-

## റഗുലേഷനുകൾ

1. ***ചുരുക്കപ്പേരും പ്രാരംഭവും***.- (1) ഈ റഗുലേഷനുകൾക്ക് 2020-ലെ കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ (ഉപഭോക്തൃ പരാതി പരിഹാര ഫോറവും ഇലക്ട്രിസിറ്റി ഓംബുഡ്സ്മാനും) ഭേദഗതി റഗുലേഷനുകൾ എന്ന് പേര് പറയാവുന്നതാണ്.

(2) ഇവ ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

---

** 2020 ജൂൺ 19-ാം തീയതിയിലെ 1502-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2020 ജൂൺ 18-ാം തീയതിയിലെ നമ്പർ 1734/അഡ്മിൻ./കെഎസ്ഇആർസി/2013 വിജ്ഞാപന പ്രകാരം പ്രസിദ്ധപ്പെടുത്തി.*

**2. *റഗുലേഷനുകളുടെ ഭേദഗതി.***- 2005-ലെ കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ (ഉപഭോക്തൃ പരാതി പരിഹാര ഫോറവും ഇലക്ട്രിസിറ്റി ഓംബുഡ്സ്മാനും) റഗുലേഷനുകളിൽ,-

(1) 3-ാം റഗുലേഷനിൽ, (3)-ാം ഉപറഗുലേഷന്റെ (ബി) ഖണ്ഡത്തിനു പകരം ഇനിപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:-

"(ബി) ഒരു അംഗത്തെ,-

(i) ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും നേടിയതും ബാർ കൗൺസിൽ ഓഫ് ഇൻഡ്യ അംഗീകരിച്ചതുമായ നിയമബിരുദം; കൂടാതെ

(ii) സബോർഡിനേറ്റ് കോടതികൾ മുമ്പാകെ പ്രാക്റ്റീസ് ചെയ്യുന്ന അഭിഭാഷകനെന്ന നിലയിൽ മൂന്ന് വർഷത്തിൽ കുറയാത്ത പരിചയം;

(iii) തെളിയിക്കപ്പെട്ട കഴിവ്, സ്വഭാവശുദ്ധി, പദവി, ഉപഭോക്തൃകാര്യങ്ങളിൽ പരിചയം;

ഉള്ള ആളുകളിൽനിന്നും മൂന്ന് വർഷക്കാലയളവിലേക്ക് കമ്മീഷൻ നാമനിർദ്ദേശം ചെയ്യേണ്ടതാണ്:

എന്നാൽ, ഏതെങ്കിലും വിതരണ ലൈസൻസിയുടെ ജീവനക്കാരനായ അല്ലെങ്കിൽ ജീവനക്കാരനായിരുന്ന യാതൊരാളെയും ഫോറത്തിലെ ഒരു അംഗമായി കമ്മീഷൻ നാമനിർദ്ദേശം ചെയ്യാൻ പാടില്ലാത്തതാണ്.";

(2) (3)-ാം ഉപറഗുലേഷനു ശേഷം ഇനിപ്പറയുന്ന ഉപറഗുലേഷൻ ചേർക്കേണ്ടതാണ്, അതായത്:-

"**3എ.** ***സാധൂകരണം.***- ഈ റഗുലേഷനുകൾ പ്രകാരം ഭേദഗതി ചെയ്യപ്പെട്ട 2005-ലെ കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ (ഉപഭോക്തൃ പരാതി പരിഹാര ഫോറവും ഇലക്ട്രിസിറ്റി ഓംബുഡ്സ്മാനും) റഗുലേഷനുകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, കമ്മീഷൻ നാമനിർദ്ദേശം ചെയ്ത ഒരു അംഗം പ്രസ്തുത റഗുലേഷനുകളിലെ 3-ാം റഗുലേഷൻ (3)-ാം ഉപറഗുലേഷൻ (ബി) ഖണ്ഡത്തിൻ കീഴിലെ അപ്രകാരമുള്ള നാമനിർദ്ദേശം മുതൽ ഒരു വർഷക്കാലയളവിൽ, എന്നാൽ അങ്ങനെയുള്ള ഒരു അംഗമെന്ന നിലയിൽ അയാളുടെ ചുമതലകൾ നിർവഹിക്കാനായി തുടർന്നും, എടുത്തതോ ചെയ്തതോ ആയ ഏതെങ്കിലും നടപടി, ഈ റഗുലേഷനുകളുടെ പ്രാരംഭ

തീയതി വരെ അയാളുടെ കാലാവധി നീട്ടിയിരുന്നാലെന്നപോലെ, ഈ റഗുലേഷനുകൾ പ്രകാരം നിയമാനുസൃതമായി എടുത്തതായോ ചെയ്തതായോ കരുതപ്പെടേണ്ടതാണ്.

കമ്മീഷന്റെ ഉത്തരവിൻ പ്രകാരം,

സി.ആർ. സതീഷ്ചന്ദ്രൻ,
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ,
(സെക്രട്ടറി ഇൻ-ചാർജ്)

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല, എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2003-ലെ ഇലക്ട്രിസിറ്റി ആക്റ്റ് (2003-ലെ 36-ാം കേന്ദ്ര ആക്റ്റ്) 42-ാം വകുപ്പ് (5)-ാം ഉപവകുപ്പ്, ഓരോ വിതരണ ലൈസൻസിയും നിശ്ചയിക്കപ്പെട്ട തീയതി മുതൽ അല്ലെങ്കിൽ ലൈസൻസ് അനുവദിക്കപ്പെട്ട തീയതി മുതൽ ആറ് മാസത്തിനുള്ളിൽ, ഏതാണോ ആദ്യം, അതിനകം, സംസ്ഥാന കമ്മീഷൻ വിനിർദ്ദേശിച്ചേക്കാവുന്ന പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി ഉപഭോക്താക്കളുടെ പരാതികൾ പരിഹരിക്കുന്നതിനായി ഉപഭോക്താക്കളുടെ പരാതി പരിഹരിക്കുന്നതിനുള്ള ഒരു ഫോറം സ്ഥാപിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. അതനുസരിച്ച് കേരള സംസ്ഥാനത്ത് എല്ലാ വിതരണ ലൈസൻസികളും ഫോറങ്ങൾ രൂപീകരിക്കുകയുണ്ടായി.

ഫോറങ്ങളുടെ പ്രവർത്തനം 2005-ലെ കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ (ഉപഭോക്തൃ പരാതി പരിഹാര ഫോറവും ഇലക്ട്രിസിറ്റി ഓംബുഡ്സ്മാനും) റഗുലേഷനുകൾ പ്രകാരം നിയന്ത്രിതമാണ്. റഗുലേഷൻ 3(ബി) പ്രകാരം ഫോറത്തിലെ ഒരു അംഗത്തെ, ഏതെങ്കിലും വിഷയത്തിൽ ബിരുദം, തെളിയിക്കപ്പെട്ട കഴിവ്, സ്വഭാവശുദ്ധി, പദവി, ഉപഭോക്തൃകാര്യങ്ങളിൽ പരിചയം എന്നിവയുള്ള ആളുകളിൽ നിന്നും ഒരു വർഷക്കാലയളവിലേക്ക് കമ്മീഷൻ നാമനിർദ്ദേശം ചെയ്യേണ്ടതാണ്. ആ വ്യക്തി ഏതെങ്കിലും ലൈസൻസിയുടെ ഒരു ജീവനക്കാരനോ മുൻജീവനക്കാരനോ ആയിരിക്കാൻ പാടില്ലാത്തതാണ്. കമ്മീഷൻ നാമനിർദ്ദേശം ചെയ്യുന്ന അംഗത്തിന്റെ നിയമന കാലയളവ് മൂന്ന് വർഷമായിരിക്കേണ്ടതാണെന്നും ആ അംഗം, നിയമബിരുദം,

തെളിയിക്കപ്പെട്ട കഴിവ്, സ്വഭാവശുദ്ധി, പദവി, ഉപഭോക്തൃകാര്യങ്ങളിൽ പരിചയം, കേരളത്തിലെ ഏതെങ്കിലും സബോർഡിനേറ്റ് കോടതികളിൽ ഏറ്റവുംകുറഞ്ഞത് മൂന്ന് വർഷത്തെ പരിശീലന പരിചയം എന്നിവയുള്ള ആളുകളിൽനിന്നുമുള്ള ഒരാളായിരിക്കേണ്ടതാണെന്നും ഉറപ്പുവരുത്തുന്നതിനായി 3-ാം റഗുലേഷന്റെ (ബി) ഉപറഗുലേഷൻ ഭേദഗതി ചെയ്യാൻ കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ തീരുമാനിച്ചു. ഏതെങ്കിലും വിതരണ ലൈസൻസിയുടെ ജീവനക്കാരനായ അല്ലെങ്കിൽ ജീവനക്കാരനായിരുന്ന യാതൊരാളെയും ഫോറത്തിലെ ഒരു അംഗമായി നാമനിർദ്ദേശം ചെയ്യാൻ പാടില്ലാത്തതാണെന്നും തീരുമാനിക്കുകയുണ്ടായി.

ഇതിനുപുറമെ, ചില ലൈസൻസികളുടെ ഉപഭോക്തൃ പരാതി പരിഹാര ഫോറത്തിൽ കമ്മീഷൻ നാമനിർദ്ദേശം ചെയ്ത അംഗങ്ങളുടെ നിയമനങ്ങൾ, അവർ യഥാർത്ഥ കാലയളവായ ഒരു വർഷത്തിനുമപ്പുറം അവരുടെ ഓഫീസുകളിൽ തുടരുന്നതിനാൽ സാധുകരിക്കാനും കമ്മീഷൻ തീരുമാനിച്ചു. ഈ ആവശ്യത്തിലേക്കായി, ഭേദഗതിചെയ്ത റഗുലേഷനുകളുടെ ഒരു കരട്, 2003-ലെ ഇലക്ട്രിസിറ്റി ആക്റ്റ് 181-ാം വകുപ്പ് (3)-ാം ഉപവകുപ്പിൻ കീഴിൽ ആവശ്യപ്പെടുന്ന പ്രകാരം 2019 ഫെബ്രുവരി 19-ാം തീയതി കമ്മീഷന്റെ വെബ്സൈറ്റിൽ പൊതുജനാഭിപ്രായം ക്ഷണിക്കുന്നതിനായി പ്രസിദ്ധീകരിക്കുകയുണ്ടായി. ലഭിച്ച നിർദ്ദേശങ്ങൾ / അഭിപ്രായങ്ങൾ കമ്മീഷൻ യഥാവിധി പരിഗണിക്കുകയും ചില നിർദ്ദേശങ്ങൾ അംഗീകരിക്കുകയും കരട് റഗുലേഷനുകളിൽ ഉൾപ്പെടുത്തുകയും ചെയ്തു. ആയതിനാൽ 2005-ലെ കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ (ഉപഭോക്തൃ പരാതി പരിഹാര ഫോറവും ഇലക്ട്രിസിറ്റി ഓംബുഡ്സ്മാനും) റഗുലേഷനുകൾ ഭേദഗതി ചെയ്യാൻ കമ്മീഷൻ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

(ശരിത്തർജ്ജമ)

---

**കുറിപ്പ്:** ഈ മലയാള പരിഭാഷയും 2020 ജൂൺ 19-ാം തീയതിയിലെ 1502-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2020 ജൂൺ 18-ാം തീയതിയിലെ നമ്പർ 1734/അഡ്മിൻ./കെഎസ്ഇആർസി/2013 വിജ്ഞാപന പ്രകാരം പ്രസിദ്ധപ്പെടുത്തിയ ഇംഗ്ലീഷിലുള്ള The Kerala State Electricity Regulatory Commission (Consumer Grievance Redressal Forum and Electricity Ombudsman) Amendment Regulations, 2020-ഉം തമ്മിൽ വ്യത്യസ്ത വ്യാഖ്യാനങ്ങൾക്ക് കാരണമാകുന്നപക്ഷം പരാമർശിച്ച ഇംഗ്ലീഷിലുള്ള റഗുലേഷനുകൾ ആധികാരിക പാഠമായി കരുതപ്പെടേണ്ടതാണ്.

24/6/2022